ശ്രീ. ജോണി നെല്ലൂർ: ബഹുമാന്യനായ മന്ത്രി ഇപ്പോൾ കളക്ടർ ചെയർമാനായ, എം. എൽ. എ.-മാർ അംഗങ്ങളായ കമ്മിറ്റിയാണ് ഇവിടെ തീരുമാനിക്കുന്നതെന്ന് പറഞ്ഞു. ഇവിടെ ശ്രീ. എ. എൻ. രാജൻ ബാബു ചോദിച്ചപ്പോൾ നറുക്കിട്ടെടുക്കുന്ന കാര്യങ്ങളെക്കുറിച്ച് ചോദിച്ചു. നറുക്കെടുപ്പ് സമ്പ്രദായം അവസാനിപ്പിച്ച് കമ്മിറ്റിയുടെ പരിഗണനയിൽത്തന്നെ വീടുകൾ അലോട്ട് ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്താൻ പറ്റുമോ?

പ്രൊഫ. കെ. വി. തോമസ്: ബഹുമാനപ്പെട്ട അംഗം ഇതിലെ പ്രായോഗികമായ ബുദ്ധിമുട്ട് മനസ്സിലാക്കാതെയാണ് പറയുന്നത്. ഒരു ജില്ലയിൽ അർഹരായ ആയിരം പേർക്ക് എന്ന് ആദ്യം തീരുമാനിച്ചാൽ 1500 ആണെങ്കിൽ വേറെ മാർഗ്ഗമില്ല. ഇതിനകത്ത് ജില്ലാ കളക്ടറുണ്ട്. എം. എൽ. എ.-മാരുണ്ട്. അർഹരായ ആളുകളെയാണ് ആദ്യം തീരുമാനിക്കുന്നത്. അതുകൊണ്ട് ആയിരമേ കൊടുക്കാനുള്ളൂ എങ്കിൽ ആയിരത്തി അഞ്ഞൂറ് അപേക്ഷകൾ വന്നാൽ വേറെ എന്താണ് മാർഗ്ഗമുള്ളത്. വേറെ നിർദ്ദേശിച്ചാൽ പരിശോധിക്കാവുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ലൈസൻസില്ലാതെ നടത്തുന്ന വയറിംഗ് തടയുന്നതിനു വേണ്ടിയുള്ള ജില്ലാ സമിതിയുടെ പ്രവർത്തനം

*4 [949] ശ്രീ. കെ. കെ. രാജു:
,, എ. എൻ. രാജൻ ബാബു:
,, ഉമേഷ് ചള്ളിയിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലൈസൻസില്ലാതെ വയറിംഗ് ജോലികൾ ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തരത്തിലുള്ള അനധികൃത വയറിംഗ് തടയുന്നതിന് സർക്കാർ എന്തൊക്കെ നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ലൈസൻസ് ഇല്ലാത്തവർ നടത്തുന്ന വയറിംഗ് ക്രിമിനൽ കുറ്റമായി കണക്കാക്കി ഇതു കണ്ടുപിടിക്കുന്നതിന് പോലീസ് വകുപ്പിന് അധികാരമുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) ഇല്ലെങ്കിൽ ഇതു തടയുന്നതിന് നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് അന്വേഷിക്കുമോ എന്ന് വ്യക്തമാക്കുമോ;

(ഇ) അനധികൃത വയറിംഗ് തടയുന്നതിനുവേണ്ടി സർക്കാർ പ്രഖ്യാപിച്ച ജില്ലാ സമിതിയുടെ പ്രവർത്തനം ഏത് ഘട്ടംവരെയായി എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തി വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്.

(ബി) അനധികൃത വയറിംഗ് തടയുന്നതിന് വേണ്ടി ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്.

(സി) അധികാരമില്ല.

(ഡി) ആലോചിക്കാവുന്നതാണ്.

(ഇ) ജില്ലാതല കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നു.

കുടിവെള്ള വിതരണത്തിന് വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം

*5 [950] ശ്രീ. വി. കെ. ചന്ദ്രൻ:
,, പിരപ്പൻകോട് മുരളി:
,, എം. വി. ജയരാജൻ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ഒപ്പുവെച്ച ഭരണനവീകരണ കരാറിൽ സമഗ്രമായൊരു കുടിവെള്ള ശുചിത്വനയം രൂപീകരിച്ച് പ്രഖ്യാപിക്കുമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ:

(ബി) എങ്കിൽ കുടിവെള്ള ശുചിത്വ നയത്തിന് രൂപം നൽകിയിട്ടുണ്ടോ:

(സി) ഏതെല്ലാം നിലയിലുള്ള ചർച്ചകളിലൂടെയാണ് കരട് നയത്തിന് രൂപം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; നയത്തിൽ എന്തെല്ലാം ഇനങ്ങൾക്കാണ് ഊന്നൽ നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിവെള്ള വിതരണത്തിന് കേരള വാട്ടർ അതോറിറ്റിക്ക് പകരം വിദേശ ധനസഹായത്തോടുകൂടി സമാന്തര സംവിധാനം ഉണ്ടാക്കണമെന്ന നിർദ്ദേശം സർക്കാരിന്റെ മുൻപാകെയുണ്ടോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ—സി) സർക്കാർ നവീകരണ പരിപാടിയുടെ ഭാഗമായി സമഗ്രമായ കുടിവെള്ള ശുചിത്വനയം രൂപീകരിക്കുന്നത് സംബന്ധിച്ച് വ്യവസ്ഥകളിലൊന്നും സർക്കാർ ഒപ്പിട്ടിട്ടില്ല. എന്നാൽ ഭരണനവീകരണ പരിപാടിക്കുവേണ്ടി സർക്കാർ തത്വത്തിൽ അംഗീകരിച്ച വിഷയാധിഷ്ഠിത രൂപരേഖയിൽ ജലവിഭവം, ശുചിത്വം എന്നിവയ്ക്കായി ഒരു ഏകീകൃത നയം രൂപീകരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. വിഷയാധിഷ്ഠിത

LIBRARY ARCHIVES Kerala Legislative Assembly